ഉത്തരം

പ്രസ്തുത അപേക്ഷ റിപ്പോർട്ടിനായി എറണാകുളം കളക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. അജികുമാറിന്റെ കുടുംബത്തിന് 50,000 രൂപ എക്സ്-ഗ്രേഷ്യ പേയ്മെന്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 4500 രൂപാ വീതം പ്രതിമാസം കുടുംബ പെൻഷൻ അജികുമാറിന്റെ മാതാപിതാക്കൾക്ക് അനുവദിച്ചിട്ടുമുണ്ട്.

പമ്പാ ആക്ഷൻ പ്ലാൻ

145 (3579) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ നൽകാമോ ; പദ്ധതിയിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണ് ;

(ബി) ഒന്നാംഘട്ടത്തിൽ എന്തെല്ലാം പ്രവർത്തികളാണ് ഉദ്ദേശിച്ചിരുന്നതെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ ;

(സി) രണ്ടാംഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്നും അതിനായി ഇതുവരെ ചെയ്ത കാര്യങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) പുണ്യനദിയായ പമ്പയെ മാലിന്യമുക്തമാക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്ന പമ്പ ആക്ഷൻ പ്ലാൻ 2003 മേയ് മാസം രണ്ടാം തീയതിയിലെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റിന്റെ ഉത്തരവിലൂടെയാണ് ആരംഭിച്ചത്. 2002-ൽ കേന്ദ്രസർക്കാരിനു സമർപ്പിച്ച 'പമ്പ ആക്ഷൻ പ്ലാൻ' ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് 319.70 കോടി രൂപ വരുന്ന മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികളാണ് നിർദ്ദേശിച്ചിരുന്നത്. പദ്ധതിയിൽ കേന്ദ്രസംസ്ഥാന സർക്കാർ വിഹിതം 70:30 എന്ന അനുപാതത്തിലാണ്.

(ബി) ഒന്നാംഘട്ടത്തിൽ നിർദ്ദേശിച്ച പദ്ധതികളിൽ നിന്നും 18.45 കോടി രൂപ ചെലവുവരുന്ന 12 ഇനം പ്രവൃത്തികൾക്കാണ് കേന്ദ്രസർക്കാർ അംഗീകാരം നൽകിയത്. പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രസർക്കാരിന് 2002-ൽ സമർപ്പിച്ച 'പമ്പാ ആക്ഷൻ പ്ലാൻ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട്' പ്രകാരം 49 വിവിധ പ്രവൃത്തികളാണ് രണ്ടാമത്തെ ഘട്ടത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. പമ്പാനദിയുടെ ഇരുവശത്തുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ ഖരദ്രവമാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വിവിധ പ്രവൃത്തികൾ, കരയിടിച്ചിൽ തടയുന്നതിനുള്ള നടപടികൾ, ഓടകളുടെ നിർമ്മാണം തുടങ്ങിയവയാണ് മേൽപ്പറഞ്ഞ 49 പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ പമ്പാ ആക്ഷൻ രണ്ടാംഘട്ട പദ്ധതികളുടെ നടത്തിപ്പിന് ജനപ്രതിനിധികളുടെയും വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെയും യോഗം പത്തനംതിട്ട കളക്ടറേറ്റിൽ 2013 ജൂലൈയിൽ കൂടുകയും രണ്ടാംഘട്ട പ്രവൃത്തികളുടെ കരട് പ്രൊപ്പോസൽ ചർച്ച ചെയ്യുകയുമുണ്ടായി.

2013 ഒക്ടോബറിൽ എൻവയോൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ പ്രസ്തുത പ്രൊപ്പോസൽ ചർച്ച ചെയ്യുകയുണ്ടായി. പുതിയ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രൊപ്പോസൽ അന്തിമരൂപത്തിൽ എത്തിക്കുന്നതും ഒന്നാംഘട്ടത്തിൽ നടപ്പാക്കിയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും എക്സ്റ്റൻഷൻ സ്റ്റേറ്റ്മെന്റും കേന്ദ്രസർക്കാർ അംഗീകരിച്ചതിനുശേഷം പ്രൊപ്പോസൽ സമർപ്പിക്കുന്നതുമാണ്.

പമ്പാ ആക്ഷൻ പ്ലാൻ

146 (3580) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കാൻ തീരുമാനമെടുത്തത് എന്നാണ് ; ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര രൂപയാണെന്ന് പറയാമോ ; എന്തെല്ലാം പദ്ധതികളാണ് പമ്പാ ആക്ഷൻ പ്ലാനിലൂടെ വിഭാവനം ചെയ്തിരിയ്ക്കുന്നത് ;

(ബി) ആദ്യഘട്ടത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയത് ; ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കാനുള്ളതെന്നും അറിയിക്കുമോ ; കാലതാമസം വന്നതിന് കാരണം വ്യക്തമാക്കാമോ ; നിശ്ചയിച്ച ഏതെങ്കിലും പ്രവൃത്തികൾ ഇനി ആരംഭിക്കാനുണ്ടോ ; എങ്കിൽ ഏതെല്ലാം ; ഇവയുടെ നിർമ്മാണം എന്നാരംഭിക്കുമെന്ന് അറിയിക്കുമോ ;

(സി) ആദ്യഘട്ടം അനുവദിച്ച തുകയിൽ എന്തെങ്കിലും ബാക്കിനിൽപ്പുണ്ടോ എങ്കിൽ എത്ര രൂപയാണ് ;

LIBRARY ARCHIVES Kerala Legislative Assembly